©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LV<br>വാല്യം. 55 | Thiruvananthapuram, Monday<br>തിരുവനന്തപുരം, തിങ്കൾ | 14th June 2010<br>2010 ജൂൺ 14<br>24th Jyaishta 1932<br>1932 ജ്യേഷ്ഠം 24 | No.<br>നമ്പർ | 1351 |


## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 124/2010/തസ്വഭവ. *തിരുവനന്തപുരം, 2010 ജൂൺ 14.*

**എസ്. ആർ. ഒ. നമ്പർ 579/2010.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 8-ാം വകുപ്പും ഇന്ത്യൻ ഭരണഘടനയുടെ 243 റ്റി അനുച്ഛേദവും കൂട്ടി വായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2005 ഏപ്രിൽ 12-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 97/2005/തസ്വഭവ നമ്പരായി പുറപ്പെടുവിച്ചതും 2005 ഏപ്രിൽ 12-ാം തീയതിയിലെ 758-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 357/2005 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെയും, 2005 ആഗസ്റ്റ് 8-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 232/05/തസ്വഭവ നമ്പരായി പുറപ്പെടുവിച്ചതും 2005 ആഗസ്റ്റ് 9-ാം തീയതിയിലെ 1787-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 767/2005 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെയും അതിലംഘിച്ചുകൊണ്ടും,


PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.

33/2377/2010/DTP.

കേരള സർക്കാർ, താഴെ പറയുന്ന പട്ടികയിൽ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള മുനിസിപ്പൽ കോർപ്പറേഷനുകളിലെയും മുനിസിപ്പൽ കൗൺസിലുകളിലെയും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും, സ്ത്രീകൾക്കും (പട്ടികജാതികളിലേയും പട്ടികവർഗ്ഗങ്ങളിലേയും സ്ത്രീകൾ ഉൾപ്പെടെ), പട്ടികജാതിക്കാർക്കും, പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾക്കും, പട്ടികവർഗ്ഗക്കാർക്കും, പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണവും യഥാക്രമം താഴെ പട്ടികയിലെ (3), (4), (5), (6), (7), (8) എന്നീ കോളങ്ങളിൽ പറഞ്ഞിട്ടുള്ള പ്രകാരം നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നു.

## പട്ടിക

### മുനിസിപ്പൽ കോർപ്പറേഷൻ

| ക്രമനമ്പർ | മുനിസിപ്പൽ കോർപ്പറേഷന്റെ പേര് | നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ട സ്ഥാനങ്ങളുടെ എണ്ണം | സ്ത്രീകൾക്ക് (പട്ടികജാതിയിലേയും പട്ടികവർഗ്ഗത്തിലേയും സ്ത്രീകൾ ഉൾപ്പെടെ) സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികജാതിക്കാർക്ക് (പട്ടികജാതിയിലെ സ്ത്രീകൾ ഉൾപ്പെടെ) സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികജാതിയിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികവർഗ്ഗക്കാർക്ക് (പട്ടികവർഗ്ഗത്തിലെ സ്ത്രീകൾ ഉൾപ്പെടെ) സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികവർഗ്ഗത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1. | തിരുവനന്തപുരം | 100 | 50 | 10 | 5 | | |
| 2 | കോഴിക്കോട് | 75 | 38 | 3 | 2 | | |



### മുനിസിപ്പൽ കൗൺസിൽ

| ക്രമനമ്പർ | മുനിസിപ്പൽ കൗൺസിലിന്റെ പേര് | നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ട സ്ഥാനങ്ങളുടെ എണ്ണം | സ്ത്രീകൾക്ക് (പട്ടികജാതിയിലേയും പട്ടികവർഗ്ഗത്തിലേയും സ്ത്രീകൾ ഉൾപ്പെടെ) സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികജാതിക്കാർക്ക് (പട്ടികജാതിയിലെ സ്ത്രീകൾ ഉൾപ്പെടെ) സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികവർഗ്ഗക്കാർക്ക് (പട്ടികവർഗ്ഗങ്ങളിലെ സ്ത്രീകൾ ഉൾപ്പെടെ) സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | കോട്ടയം | 52 | 26 | 3 | 2 | .. | .. |
| 2. | തൃപ്പൂണിത്തുറ | 49 | 25 | 6 | 3 | .. | .. |
| 3 | ഇരിങ്ങാലക്കുട | 41 | 21 | 5 | 3 | .. | .. |
| 4 | കൊടുങ്ങല്ലൂർ | 44 | 22 | 3 | 2 | .. | .. |
| 5 | ഗുരുവായൂർ | 43 | 22 | 3 | 2 | .. | .. |
| 6 | കരുനാഗപ്പള്ളി | 35 | 18 | 3 | 2 | .. | .. |
| 7 | തൃക്കാക്കര | 43 | 22 | 4 | 2 | .. | .. |
| 8 | ഏലൂർ | 31 | 16 | 3 | 2 | .. | .. |
| 9 | മരട് | 33 | 17 | 3 | 2 | .. | .. |
| 10 | കോട്ടയ്ക്കൽ | 32 | 16 | 1 | .. | .. | .. |
| 11 | നിലമ്പൂർ | 33 | 17 | 2 | 1 | .. | .. |
| 12 | നീലേശ്വരം | 32 | 16 | 1 | .. | .. | .. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എസ്. എം. വിജയാനന്ദ്,**

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 6-ാം വകുപ്പ് പ്രകാരം മുനിസിപ്പൽ കൗൺസിലിലേക്ക്/മുനിസിപ്പൽ കോർപ്പറേഷനിലേക്ക് നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. പ്രസ്തുത ആക്റ്റ് പ്രകാരം മുനിസിപ്പൽ കൗൺസിലിലെ അംഗസംഖ്യ കുറഞ്ഞത് 22-ൽ നിന്നും 25 ആയും പരമാവധി 50-ൽ നിന്നും 52 ആയും മുനിസിപ്പൽ കോർപ്പറേഷനുകളിലേത് കുറഞ്ഞത് 52-ൽ നിന്നും 55 ആയും പരമാവധി 100 ആയും നിജപ്പെടുത്തിയിട്ടുണ്ട്. 2010 ജൂൺ 9-ാം തീയതിയിലെ സ.ഉ. (പി) 116/10/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കരുനാഗപ്പള്ളി, തൃക്കാക്കര, ഏലൂർ, മരട്, കോട്ടയ്ക്കൽ, നിലമ്പൂർ, നീലേശ്വരം എന്നീ വില്ലേജ് പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കി പരിവർത്തനപ്പെടുത്തുന്നതിനും, 2010 ജൂൺ 8-ാം തീയതിയിലെ സ. ഉ. (പി) 114/10/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നാട്ടകം, കുമാരനല്ലൂർ, തിരുവാങ്കുളം, പൂക്കോട്, തൈക്കാട്, പൊറത്തിശ്ശേരി, മേത്തല എന്നീ വില്ലേജ് പഞ്ചായത്തുകളെ സമീപ മുനിസിപ്പാലിറ്റികളോട് സംയോജിപ്പിക്കുന്നതിനും, 2010 ജൂൺ 8-ാം തീയതിയിലെ സ. ഉ. (പി) 113/10/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ശ്രീകാര്യം, വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, വിഴിഞ്ഞം, കഴക്കൂട്ടം എന്നീ വില്ലേജ് പഞ്ചായത്തുകളെ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനോടും എലത്തൂർ, ചെറുവണ്ണൂർ-നല്ലളം, ബേപ്പൂർ എന്നീ വില്ലേജ് പഞ്ചായത്തുകളെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനോടും സംയോജിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും, സ്ത്രീകൾക്കും, പട്ടികജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും, പട്ടികജാതികളിലും പട്ടികവർഗ്ഗങ്ങളിലും പെടുന്ന സ്ത്രീകൾക്കും സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണവും പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.